ഉത്തരം

(എ) ഉണ്ട്. 34 സർക്കാർ ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ്റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവരസാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക്സ് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് വെർച്വൽ ക്ലാസ്റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദഗ്ധപരിശീലകന്റെ സഹായത്തോടെ ഒരു വർക്ക്ഷോപ്പിലോ, ഒരു ക്ലാസ്സ് മുറിയിലോ നൽകുന്ന പരിശീലനം വിവരസാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ.-കളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ ഈ സാങ്കേതിക വിദ്യമൂലം സാധിക്കുന്നു. ഇതിനോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവംമൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും.

(സി) ഇതിനായി ആധുനിക വിവര സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. കമ്പ്യൂട്ടർ, സിമെട്രിക് ഇന്റർനെറ്റ് കണക്ഷൻ, എൽ.സി.ഡി. പ്രൊജക്ടർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർച്വൽ ക്ലാസ്റൂം പദ്ധതി നടപ്പിലാക്കുന്നത്. ബി.എസ്.എൻ.എൽ.-ന്റെ സേവനം ഇന്റർനെറ്റ് കണക്ടിവിറ്റിക്കായി ഉപയോഗിക്കുന്നു.

ശരണ്യ പദ്ധതി

254 (962) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശരണ്യ പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചു ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കുവാനുണ്ട്; പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശരണ്യ സ്വയംതൊഴിൽ പദ്ധതി ആരംഭിച്ച 2010-11 സാമ്പത്തിക വർഷം മുതൽ 2014 നവംബർ വരെ ആകെ 7253 വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ശരണ്യ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിൽ ഇനി 4065 അപേക്ഷകൾ തീർപ്പാക്കാൻ ശേഷിക്കുന്നു.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം ചുവടെ പറയും പ്രകാരമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള, കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും പ്രായം 18 നും 55 നും മധ്യേയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, മുപ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതരായ പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭർത്താവ് ഉപേക്ഷിച്ചു പോയവർ എന്നീ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷയും പ്രോജക്ട് റിപ്പോർട്ടും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പ്രാഥമിക പരിശോധനയ്ക്കുശേഷം പദ്ധതി പ്രകാരം വായ്പയ്ക്ക് ശിപാർശ ചെയ്യുന്നതിനുള്ള ജില്ലാതല സമിതിക്ക് സമർപ്പിക്കുന്നു. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർ, ഐ.റ്റി.ഐ. പ്രിൻസിപ്പൽ എന്നിവർ മെമ്പർമാരായിട്ടുള്ള ജില്ലാതല സമിതി അപേക്ഷകയെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും, പ്രോജക്ട് തുടങ്ങുവാനുള്ള അപേക്ഷകയുടെ കഴിവ്, അഭിരുചി, സാങ്കേതിക വൈദഗ്ധ്യം, സംരംഭകശേഷി, പ്രോജക്ടിന്റെ വിജയ സാധ്യത, വായ്പ തിരിച്ചടയ്ക്കുവാനുള്ള കഴിവ് എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച് അപേക്ഷകർക്ക് വായ്പ നൽകുന്നതിന് ശിപാർശ ചെയ്യുന്നു. ജില്ലാതല കമ്മിറ്റി പാസ്സാക്കിയ അപേക്ഷകളിൽ ഉയർന്ന പ്രായപരിധി മാനദണ്ഡമാക്കിയാണ് വായ്പാ തുക വിതരണം ചെയ്തുവരുന്നത്. 6 ദിവസം നീണ്ടുനിൽക്കുന്ന സംരംഭകത്വ പരിശീലനം ജില്ലാ Lead Bank ന്റെ കീഴിലുള്ള RSETI (റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്) വഴി നൽകിയ ശേഷമാണ് വായ്പ വിതരണം ചെയ്തുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.